**June : 9 / 2023**

# KGBEU OU ബുള്ളറ്റിൻ 70/2023

സഖാക്കളെ,

## വിഷയം: PLI 90 ദിവസത്തിലധികം ലീവെടുത്തവർക്ക് വരുത്തിയ കുറവ്

90 ദിവസത്തിൽ കൂടുതൽ ലീവ് എടുത്ത ജീവനക്കാർക്ക് PLI നൽകിയപ്പോൾ അവരുടെ ലീവ് പീരിയഡിന് ആനുപാതികമായി കുറവ് വരുത്തിയാണ് തുക നൽകിയിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ റിട്ടയർ ചെയ്ത ജീവനക്കാർക്കും PLI തീരെ ലഭിച്ചിട്ടില്ല.

ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധം സംഘടന രേഖപ്പെടുത്തുകയും eligible ലീവ് എടുത്തവർക്കും റിട്ടയർ ചെയ്തവർക്കും അർഹമായ മുഴുവൻ തുകയും നൽകണം എന്നും നാം മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും ചെയർമാനോട് ഉൾപ്പെടെ ചർച്ച ചെയ്യുകയും ഉണ്ടായ വിഷയം നാം നേരത്തെ ജീവനക്കാരെ അറിയിച്ചിരുന്നു. തുടർന്ന് ഈ വിഷയം നാം follow up ചെയ്ത് വരികയായിരുന്നു. ഇന്നും ഇതിന്മേൽ ദീർഘമായ ചർച്ച നടക്കുകയുണ്ടായി. നാം ഉന്നയിച്ച ആവശ്യം ന്യായമാണ് എന്ന് മാനേജ്മെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇന്നത്തെ ചർച്ചയിൽ അനുകൂലമായാണ് മാനേജ്മെന്റ് പ്രതികരിച്ചത്. ഉടൻ തന്നെ കട്ട് ചെയ്ത തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യും എന്നും റിട്ടയർ ചെയ്ത ജീവനക്കാർക്ക് അവരുടെ അർഹമായ വിഹിതം കിട്ടുമെന്നുമാണ് നാം പ്രതീക്ഷിക്കുന്നത്.

അഭിവാദ്യങ്ങളോടെ,
ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)